പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1677

05.02.2019-ൽ മറുപടിക്ക്

## ഡയാലിസിസ് സെന്റർ അടച്ചുപൂട്ടേണ്ട സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തിരൂരങ്ങാടി താലൂക്ക് പരിധിയിലെ നഗരസഭകളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും തനത് ഫണ്ട് വകയിരുത്തുന്നതുമായി ബന്ധപ്പെട്ട പെർമിസീവ് സാങ്ഷൻ അപേക്ഷയിന്മേലുള്ള എഫ് എം 2/325 / 2018/എൽഎസ്ജിഡി ഫയലിൽ തീരുമാനമെടുക്കുന്നതിനുണ്ടായ കാലതാമസം മൂലം, തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിരവധി രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് സഹായകരമായിരുന്ന ഡയാലിസിസ് സെന്റർ അടച്ചുപൂട്ടേണ്ടി വന്ന സാഹചര്യം ഗൗരവമായി കാണുമോ;<br><br>ബി) അതീവ പ്രാധാന്യം മനസ്സിലാക്കി പ്രസ്തുത ഫയലിൽ അടിയന്തിരമായി ഉത്തരവ് നല്കുവാൻ നടപടി സ്വീകരിക്കുമോ? | എ) & ബി) തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മുഖേന താലൂക്ക് പരിധിയിലെ വൃക്കരോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് തിരൂരങ്ങാടി താലൂക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 10 ലക്ഷം രൂപ വരെയും ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപവരെയും 2018-19 വർഷത്തിൽ ടി സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 30/01/2019 ലെ സ.ഉ.(സാധാ) നം.197/2019/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – തിരൂരങ്ങാടി താലൂക്ക് ആശുപത്രി - ഡയാലിസിസ് സെന്റർ – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 197/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/01/2019

പരാമർശം:-
1. 18/07/2017 ലെ സ.ഉ (സാധ) നം 2447/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23/10/2018 ലെ ബി-2276/2017 നമ്പർ കത്ത്.
3. ശ്രീ. അബ്ദു റബ്ബ് എം.എൽ.എ യുടെ 24/10/2018 ലെ No-181/2018/MLATG1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മുഖേന താലൂക്ക് പരിധിയിലെ വൃക്കരോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് തിരൂരങ്ങാടി താലൂക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത്/നഗരസഭകൾ 10 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും അവരുടെ തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് 2017-18 വർഷത്തിലേയ്ക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഡയാലിസിസ് സെന്ററിൽ 15 മെഷീനുകൾ 3 ഷിഫ്റ്റായി പ്രവർത്തിക്കുന്നുവെന്നും ആയതിനായി ഒരു വർഷം 75 ലക്ഷം രൂപയോളം ചെലവ് വരുന്നുവെന്നും, ടി സാഹചര്യത്തിൽ താലൂക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 10 ലക്ഷം രൂപ വരെയും ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപവരെയും 2018-19 ലും തുടർന്നുള്ള എല്ലാ വർഷങ്ങളിലും തനത് ഫണ്ട് കുറവായതിനാൽ പ്ലാൻ വിഹിതത്തിൽ നിന്നും തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് മാനേജ്മെന്റ് കമ്മിറ്റിക്ക് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയും പരാമർശം (3) പ്രകാരം ശ്രീ. അബ്ദുറബ്ബ് എം.എൽ.എ ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മുഖേന താലൂക്ക് പരിധിയിലെ വൃക്കരോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് തിരൂരങ്ങാടി താലൂക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 10 ലക്ഷം രൂപ വരെയും ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപവരെയും 2018-19 വർഷത്തിൽ ടി സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം )
ബന്ധപ്പെട്ട നഗരസഭകൾ ( പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം)
പ്രസിഡന്റ്, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
ജനറൽ സെക്രട്ടറി, തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റി, താലൂക്ക് ആശുപത്രി, തിരൂരങ്ങാടി പി.ഒ., മലപ്പുറം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.